പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3476 — 12.12.2014 ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാപോറ്റി** | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ; | (എ) കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്റർ, 200 ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കർമ്മസേന എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ വിവിധ കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ കർഷക തൊഴിലാളികൾക്ക് കൃഷി ഭവൻ മുഖേന അംഗമാകാവുന്നതാണ്. വിവിധ കാർഷികപ്പണികൾക്കാവശ്യമായ യന്ത്രങ്ങളുടെ പ്രവർത്തനം, ഉപയോഗം, വിത്ത് തൈ നടീൽ, സസ്യസംരക്ഷണം, വിളവെടുപ്പ് എന്നീ മേഖലകളിൽ വിദഗ്ധമായ പ്രായോഗിക പരിശീലനം ഇവർക്ക് നൽകി വരുന്നു. കൃഷിഭവന്റെ മേൽനോട്ടത്തിൽ വിവിധ കൃഷിയിടങ്ങളിൽ പരിശീലനം ലഭിച്ച തൊഴിലാളികളെ യന്ത്രങ്ങൾ സഹിതം നിയോഗിച്ചുകൊണ്ട് അവർക്ക് സ്ഥിരമായ ജോലിയും മാന്യമായ വേതനവും ഉറപ്പ് വരുത്തുന്നു. |
| (ബി) കാർഷിക മേഖലയിലെ വരുമാനം ഉയർത്തുന്നതിനും അതുവഴി കർഷകർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കും; | (ബി) കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാന വെല്ലുവിളി ശാസ്ത്രീയ കൃഷി രീതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കർഷക തൊഴിലാളികൾ ലഭ്യമല്ല എന്നതാണ്. പ്രധാന കാർഷിക വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്തുന്നതിനും കൃഷി വകുപ്പും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ആധുനിക കാർഷിക സങ്കേതങ്ങളായ പോളീഹൗസ് കൃഷി, പ്രിസിഷൻ ഫാമിംഗ്, ഫെർട്ടിഗേഷൻ, റെയിൻ ഷെൽട്ടർ ഡ്രിപ്പ്, സ്പ്രിംഗ്ലർ, മൈക്രോ സ്പ്രിംഗ്ലർ മുഖേനയുള്ള കണിക ജലസേചന സംവിധാനങ്ങൾ എന്നിവ കൃഷിയിടങ്ങളിൽ നടപ്പാക്കുന്നതിന് പ്രത്യേക |

പദ്ധതികൾ നിലവിലുണ്ട്.

വിവിധ കാർഷിക പ്രവർത്തനങ്ങൾ ശാസ്ത്രീയമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നല്കുന്നതിന് ബ്ലോക്കുതലത്തിൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ, ഗ്രാമപഞ്ചായത്തു തലത്തിൽ ആരംഭിച്ച വിദഗ്ധരായ തൊഴിലാളികൾ അടങ്ങുന്ന കാർഷിക കർമ്മസേനകൾ എന്നിവ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ഇത്തരം തൊഴിലാളികളുടെ പ്രവർത്തനം മുഖേന വിളയുല്പാദനം വർദ്ധിക്കുകയും കർഷകരുടെ വരുമാനവും അതോടൊപ്പം തൊഴിലാളികളുടെ മെച്ചപ്പെട്ട വേതനവും ഉറപ്പ് വരുത്തുന്നു.

| | |
|---|---|
| (സി) കർഷക തൊഴിലാളികൾക്കുകൂടി സ്വീകാര്യമായ രീതിയിൽ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) കർഷക തൊഴിലാളി ക്ഷാമം രൂക്ഷമായ കേരളത്തിൽ കാർഷിക മേഖലയിലെ യന്ത്രവത്കരണം കർഷക തൊഴിലാളികളെ ഒരു തരത്തിലും പ്രതികൂലമായി ബാധിക്കില്ല. മറിച്ച് അവരുടെ ജോലി എളുപ്പമാക്കുന്നതിനും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ജോലി കൃത്യതയോടെ ചെയ്യുന്നതുകൊണ്ട് സ്ഥിരമായ ജോലി സാധ്യതയും മെച്ചപ്പെട്ട വേതനവുമാണ് ഇതിലൂടെ ലഭ്യമാകുന്നത്. കേരളത്തിലെ 50 ബ്ലോക്കുകളിൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകളിലും 200 ഗ്രാമപഞ്ചായത്തുകളിലാരംഭിച്ച കാർഷിക കർമ്മസേനകളിലും നിയമങ്ങൾക്ക് വിധേയമായി ആ പ്രദേശത്തെ തൊഴിലാളികൾക്ക് അംഗമാകാവുന്നതാണ്. ഇവിടെ നടീൽ മുതൽ വിളവെടുപ്പ് വരെയുള്ള കൃഷിമുറകൾ യന്ത്രങ്ങളുടെ സഹായത്തോടെ നടത്തുന്നതിൽ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന കമ്മിറ്റിക്കാണ് ഈ സ്ഥാപനങ്ങളുടെ ചുമതല. ഈ കേന്ദ്രങ്ങൾക്ക് സൗജന്യ നിരക്കിൽ വിവിധ കൃഷിപ്പണികൾക്കാവശ്യമായ യന്ത്രങ്ങളും ലഭ്യമാക്കും. പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് ഈ യന്ത്രങ്ങളുടെ സഹായത്തോടെ കൃഷിക്കാരുടെ ആവശ്യമനുസരിച്ച് അവരുടെ കൃഷിയിടങ്ങളിൽ വേണ്ട ജോലികൾ നിശ്ചിത നിരക്കിൽ ചെയ്തു കൊടുക്കുവാൻ കഴിയും. ഇത്തരത്തിൽ ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യപിപ്പിക്കുവാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ